بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*24 February 2012 ~* **ഫെബ്രുവരി** 24,2012 *(01 Rabi'ul Aakhir 1433 Hijri)*

### ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ഭൂമുഖത്തുള്ള തന്റെ അനുയായികൾക്കെല്ലാം സമാധാനാശംസകൾ അർപ്പിച്ചശേഷം ഹസ്രത്ത് മുഹ്‌യിദീൻ(അ) തശഹ്ഹുദും, തഅ്വ്വദും, സൂറ അൽഫാത്തിഹായും ഓതിയശേഷം, അദ്ദേഹം വിശുദ്ധ ഖുർആനിലെ താഴെകാണുന്ന വചനം ഓതുകയുണ്ടായി.

فَاذْكُرُونِي أَذْكُرْكُمْ وَاشْكُرُوا لِي وَلَا تَكْفُرُونِ ○

''അതുകൊണ്ട് (ഞാൻ ഇത്രയും അനുഗ്രഹം ചെയ്യുന്നവനായിരിക്കെ നിങ്ങൾ എന്നെ സ്മരിക്കുവിൻ ഞാൻ നിങ്ങളെയും സമ്മരിക്കാം). എന്നോട് കൃതജ്ഞത കാണിക്കുവിൻ. എന്നോട് നന്ദികേട് കാണിക്കരുത് ''.(2:153)

അല്ലാഹുവിനാണ് സ്തുതി. വീണ്ടും എനിക്ക് സ്തുതി പറയുവാനുള്ളത് അല്ലാഹുവിനോട് മാത്രമാണ്. അല്ലാഹുവിന്റെ ആനുഗ്രഹത്താൽ എന്റെ ''റബ്ബ് ''ഇന്നെനിക്ക് വീണ്ടും അവസരം നല്കിയിരിക്കുകയാണ്. ദഅ്‌വയെ കുറിച്ചുള്ള പ്രസംഗം തുടരുന്നതിന്. ദൈവമാർഗ്ഗത്തിൽ ക്ഷണം നടത്തുമ്പോൾ ദൈവസ്മരണയിൽ മുഴുകൽ വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമുക്ക് അല്ലാഹുവിനോടുള്ള സ്നേഹവും ഭക്തിയും ദൈവസ്മരണയിലൂടെ അനുബന്ധമായി ചേർക്കാൻ കഴിയും. അഥവാ അവനെ സ്മരിക്കുന്നതിന് അംഗീകരിച്ചിട്ടുള്ള പ്രവർത്തനങ്ങളിലൂടെ (ദൈവസമ്മരണ) ആർജ്ജിക്കുവാൻ കഴിയും. ഇത് പ്രാർത്ഥനയിലൂടെയും, കേണപേക്ഷിക്കലുടെയും,ധ്യാനത്തിലൂടെയും നേടുവാൻ കഴിയും. അതുപോലെ വിശുദ്ധ ഖുർആൻ പാരായണത്തിലൂടെയും അവനെ സ്തുതിക്കുന്നതിലൂടെയും അവന്റെ തൃപ്തി കരഗതമാക്കുവാൻ സാധിക്കും.നാം എത്ര ധൃതിയുള്ളവർ ആണെങ്കിലും കുറെ സമയം ദൈവസമ്മരണയ്ക്കായി മാറ്റി വെക്കണം. ദൈവസമ്മരണയിൽ നിന്നും അകലുന്ന നിലയിൽ നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലും ഇഹലോകകാര്യങ്ങൾക്കും, മറ്റു പ്രിയപ്പെട്ടവർക്കും, സന്താനങ്ങൾക്കും ഇടം നല്കരുത്. അല്ലാഹു വിശുദ്ധ ഖുർആനിലൂടെ ഓർമ്മിപ്പിക്കുന്നു.

വിശ്വാസിച്ചവരെ, നിങ്ങളുടെ സമ്പത്തോ, സന്താനങ്ങളോ, അല്ലാഹുവിന്റെ സമ്മരണയിൽ നിന്ന് നിങ്ങളുടെ ശ്രദ്ധ തിരിച്ചു വിടാതിരിക്കട്ടെ. വല്ലവരുംഅങ്ങനെ ചെയ്യുന്നതായാൽ അവർ നഷ്ടപ്പെട്ടവർ തന്നെയാണ് (63:10). ദൈവസമ്മരണ നിലനിർത്തുന്നതിലൂടെ കരഗതമാകുന്ന പ്രയോജനങ്ങളും പ്രതിഫലനങ്ങളും അടിവരയിട്ട്, മുസ്ലിംകൾക്കും അമുസ്ലിംകൾക്കും നാം വിശദീകരിച്ചു കൊടുക്കേണ്ടതുണ്ട്. ഇതിലൂടെ ദൈവത്തിന് നമ്മോട് എത്ര താത്പര്യമാണ് എന്ന് അവർക്ക് മനസ്സിലാക്കുവാൻ കഴിയും. പ്രകൃത്യാ ദൈവവിശ്വാസമുള്ള അമുസ്ലിംകൾ, നമ്മൾ മുസ്ലിംകൾ കൂടുതലായി ദൈവസ്മരണ നിലനിർത്തുന്നവരാണ്, എന്നറിയുമ്പോൾ അവർ നമ്മെ അഭിനന്ദിക്കാതിരിക്കില്ല.എന്തെങ്കിലും ഒരു പ്രവർത്തി ചെയ്യാൻ തുടങ്ങുന്നതിന് മുമ്പ് നാം അല്ലാഹുവിനെ ഓർക്കുകയും ഇപ്രകാരം പറയുകയും ചെയ്യുന്നു. ''ബിസ്മില്ലാഹിർ റഹ്മാനിർറഹീം''(കരുണാനിധിയും, കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമത്തിൽ) നാം ആരെ എങ്കിലും അഭിനന്ദിക്കുമ്പോൾ നാം പറയുന്നു ''മാഷാഅല്ല''(അല്ലാഹു അത് സാധിച്ചു തരട്ടെ) ഭാവിയിൽ എന്തെങ്കിലും ഒരു കാര്യം ചെയ്യാനായി ഉദ്ദേശിക്കുമ്പോൾ അഥവാ പദ്ധതി ഇടുമ്പോൾ നാം പറയുന്നു ''ഇൻഷാ അല്ലാ'' (ദൈവം ഇച്ഛരിക്കുകയാണെങ്കിൽ) നമ്മുടെ സഹമുസ്ലിം സഹോദരന്മാർ നമ്മെ കണ്ടു മുട്ടുമ്പോൾ നമുക്കെങ്ങനെയുണ്ട് എന്ന് അന്വേഷിക്കുമ്പോൾ നാം പറയുന്നു. ''അൽഹംദുലില്ലാഹ്''(സർവ്വസ്തുതിയും അല്ലാഹുവിനാണ്) പൊതു സദസ്സിൽ വച്ച് ഒരു പ്രസംഗികനെ നാം പ്രശംസിക്കുമ്പോൾ കൈകൊട്ടുന്നതിനു പകരം നാം പറയുന്നു ''അല്ലാഹു അക്ബർ''(അല്ലാഹു വലിയവനാകുന്നു.) ദൈവിശ്വാസമുള്ളവർ തീർച്ചയായും അഭിനന്ദിതക്കുവാൻ സാധ്യതയുള്ള; മുസ്ലിംകൾ അവരുടെ നിത്യജീവിതത്തിലെ ചില സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന ചില ദൈവകീർത്തനങ്ങളാണ് മുകളിൽ കാണിച്ചിരിക്കുന്നത്.അമുസ്ലിംകളുമായി നാം ഈ കാര്യങ്ങൾ നാം പങ്കുവെയ്ക്കേണ്ടതാണ്. ദൈവത്തിലേക്ക് ക്ഷണിക്കുന്ന ആൾ എന്ന നിലയിൽ അല്ലാഹുവിനെ സ്തുതിക്കുന്നതിലൂടെ നാം അവനെ സമ്മരിക്കണം. ഈ ക്ഷണം നടത്തുന്നതിനു മുമ്പും നടത്തികൊണ്ടിരിക്കുമ്പോഴും നടത്തികഴിഞ്ഞശേഷവും(നാം അവനെ സ്തുതിക്കേണ്ടതാണ്) ഇതിലൂടെദൈവത്തിനോട് കൂടുതൽ അടുക്കുവാനും തദ്വാര നമ്മുടെ പ്രയത്നം(ദഅ്‌വ) വിജയകരമായിത്തീരുകയും ചെയ്യും.

## അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസം: Trust in Allah

അല്ലാഹുവിലേക്കുള്ള ക്ഷണം നടത്തുമ്പോൾ പൊതുവിൽ അല്ലാഹുവിൽ നിന്നുള്ള പരീക്ഷണങ്ങളെന്ന നിലയിൽ ചില പ്രശ്നങ്ങളെ അഥവാ സാത്താനിൽ നിന്നുള്ള നല്ല കാര്യങ്ങൾ ചെയ്യുന്നതിനുള്ള തടസ്സങ്ങളെ നാം അഭിമുഖീകരിക്കേണ്ടി വരും.എന്നാൽ നാം ശുഭാപ്തി വിശ്വാസമുള്ളവരായിരിക്കണം. നാം അല്ലാഹുവിൽ അടിയുറച്ചു വിശ്വസിക്കുക. ദഅ്വ കാര്യത്തിൽ നമ്മെ അല്ലാഹു എപ്പോഴും സഹായിക്കും. എന്തെങ്കിലും പ്രശ്നം നാം അഭിമുഖീകരിക്കുകയാണെങ്കിൽ അത് താത്കാലികമായിരിക്കും. അല്ലാഹുവിന്റെ തൃപ്തിയെ മാത്രം കാംക്ഷിച്ച് ആത്മാർത്ഥതയോടെയും സംശുദ്ധമായും ക്ഷണ പ്രവർത്തനങ്ങൾ നാം ചെയ്തു കൊണ്ടിരിക്കുന്നിടത്തോളം കാലം അല്ലാഹു നമ്മെ പാടെ ഉപേക്ഷിക്കുകയില്ല. സർവ്വശക്തനായ അല്ലാഹു പറയുന്നു. അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടു തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റു നിന്നും ചിതറിപ്പിരിഞ്ഞു പൊയ്ക്കളയുമായിരുന്നു. അതിനാൽ നീ അവർക്ക് മാപ്പ് നല്കുകയും, അവർക്കായി പാപമോചനത്തിനായി പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായിക്കൂടി ആലോചിക്കുകയും ചെയ്യുക. അങ്ങനെ കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ നീ അല്ലാഹുവിങ്കൽ ഭരമേല്പ്പിക്കുക. തീർച്ചയായും അല്ലാഹു ഭരമേല്പ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ''അല്ലാഹു നിങ്ങളെ സഹായിക്കുന്ന പക്ഷം നിങ്ങളെ അതിജയിക്കുന്ന ആരും ഉണ്ടാവില്ല. അവൻ നിങ്ങളെ കയ്യൊഴിയുന്നതായാൽ അവനു പുറമെ നിങ്ങളെ സഹായിക്കാൻ മറ്റാരുണ്ടായിരിക്കും?.അതുകൊണ്ട് സത്യവിശ്വാസികൾ അല്ലാഹുവിങ്കൽ ഭരമേല്പ്പിക്കട്ടെ''.(3:160,161)

''ദഅ്വ'' നടത്തുമ്പോൾ അല്ലാഹുവിൽ ഭരമേല്പ്പിക്കുന്നതിന്റെ ആവശ്യകത അമുസ്ലിംകളോട് ഊന്നി പറയേണ്ടിയിരിക്കുന്നു. അവരുടെ എല്ലാ പ്രവർത്തനങ്ങളിലും അവരെ സഹായിക്കുവാൻ അല്ലാഹു മാത്രമാണ് ഉള്ളത് എന്ന് ബോധ്യപ്പെടുത്തുക.

## വിശ്വാസമുള്ളവനായിരിക്കുക. Being Faithful

അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ആൾ എന്ന നിലയിൽ നമുക്ക് ഇസ്ലാമിലെ വിശ്വാസകാര്യത്തിൽപ്പെട്ട ആറ് കാര്യങ്ങളിലും വിശ്വാസമുണ്ടായിരിക്കണം.(1) അല്ലാഹുവിലുള്ള വിശ്വാസം(2) അവന്റെ മലക്കുകളിലുള്ള വിശ്വാസം (3) അവന്റെ ദൂതന്മാരിലുള്ള വിശ്വാസം (4) അവന്റെ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം (5) അന്ത്യദിനത്തിലുള്ള വിശ്വാസം (6) അൽഖദ്ർ, അഥവാ ദൈവീക വിധിയിലുള്ള വിശ്വാസം.അല്ലാഹു നമ്മുടെ റബ്ബാണ് എന്ന് അംഗീകരിക്കുന്നതിലൂടെ നമ്മുടെ വിശ്വാസം ശക്തിപ്പെടുത്തേണ്ടതുണ്ട്. പരിപൂർണ്ണവും ഏറ്റവും നല്ല ജീവിതവഴി എന്ന നിലയിൽ ഇസ്ലാമിനെ കാണുകയും, മാനവരാശിക്കാകമാനം നിയോഗിതനായ പ്രവാചകനാണ് മുഹമ്മദ് മുസ്തഫാ(സ.അ) എന്നും നാം വിശ്വസിച്ച് അംഗീകരിക്കണം. ദൈവത്തിലേക്ക് ക്ഷണിക്കുന്ന ആൾ എന്ന നിലയിൽ നമ്മുടെ വിശ്വാസത്തിന് കാഠിന്യമേറേണ്ടതാണ്. അവനെ മാത്രം ആരാധിക്കുവാൻ അല്ലാഹു കല്പ്പിക്കുന്നു. അവനോട് ആത്മാർത്ഥ ഭക്തി ഉണ്ടായിരിക്കണം; വിശ്വാസത്തിൽ സത്യത പുലർത്തുക അനുസരണത്തിൽ അല്ലാഹുവിനോട് ആത്മാർത്ഥത പുലർത്തുന്നവരും ഏകാഗ്രമനസ്സരുമായി അല്ലാഹുവിനെ ആരാധിക്കുവാനും നമസ്കാരം നിലനിർത്തുവാനും സക്കാത്ത് കൊടുക്കാനും വേണ്ടിയല്ലാതെ അവരോട് ആജ്ഞാപിക്കപ്പെട്ടിരുന്നില്ല. അതത്രെ ശാശ്വതസത്യത്തിൽ അധിഷ്ഠിത മതം(98:6) നമ്മുടെ റബ്ബ് എന്ന നിലയിൽ അല്ലാഹുവിനെ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യണം. അതു നമ്മുടെ പ്രവർത്തിയിലൂടെ തെളിയുകയും വേണം. ഇസ്ലാം നമ്മുടെ മതമെന്ന നിലയിലും, മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനെന്ന നിലയിലും,നമ്മുടെ ഹൃദയത്തിൽ ഒരണുകിട സംശയത്തിനും ഇടമില്ലാത്ത നിലയിൽ വിശ്വസിക്കുക.

## ഭയവും പ്രതീക്ഷയും അല്ലാഹുവിൽ: Fear and Hope of Allah

''അല്ലാഹുവിലേക്ക് വിളിക്കുന്ന ആളുകൾ'' എന്ന നിലയിൽ ഏറ്റവും ഉന്നതനിലവാരത്തിലുള്ള മുസ്ലിംകളായിതീരാൻ നാം ലക്ഷ്യം വെയ്ക്കേണ്ടതാണ്.. അതിന് നമ്മിൽ ''ഇഹ്സാൻ ഉണ്ടാക്കി എടുക്കേണ്ടതാണ്. പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ(സ.അ) യുടെ അഭിപ്രായത്തിൽ ''ഇഹ്സാൻ''എന്നാൽ നിങ്ങൾ കാണുന്നതുപോലെ അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. ഇനി അതിനു കഴിയുന്നില്ലെങ്കിൽ ഇത്തരത്തിലൊരവസ്ഥയിൽ എത്തിച്ചേരാൻ ശ്രമിക്കുക. അപ്പോൾ നിങ്ങൾ കരുതേണ് ടതഅല്ലാഹു നിങ്ങളെ നോക്കികൊണ്ടിരിക്കുകയാണ് എന്നാണ്.(ബുഖാരി,മുസ്ലിം) നമ്മൾ മുഹ്സീനിങ്ങളായി

ത്തീരണം; അഥവാ മുത്തഖീങ്ങളായിത്തീരണം(അതായത് ദൈവബോധമുള്ള മുസ്ലിംകൾ അല്ലെങ്കിൽ ദൈവ ഭയമുള്ള മുസ്ലിംകൾ) ഇതു കൊണ്ടർത്ഥമാക്കുന്നത് എല്ലായ്പ്പോഴും നാം അല്ലാഹുവിനെ സ്മരിക്കുകയും,ഭ യക്കുകയും ചെയ്യുക എന്നതാണ്. നാം സത്യവാന്മാരും നീതിമാന്മാരും ആയിരക്കണം.. എല്ലാ തിന്മകളിൽ നിന്നും നാം മാറിനിൽക്കുകകയും സ്വയം രക്ഷപ്പെടുകയും ചെയ്യണം. സത്യം പ്രബോധിക്കുന്നതിൽ നാം ശക്തരായിരിക്കണം. അല്ലാഹുവിനെ അല്ലാതെ മറ്റാരെയും ഭയപ്പെടരുത്. നമ്മുടെ ചിന്തയിലും വാക്കിലും പ്രവർത്തിയിലും ഇതു നിഴലിക്കണം. അല്ലാഹുവിന്റെ ഇംഗീതത്തിനായി സമ്പൂർണ്ണ സമർപ്പണം നമുക്ക് തഖ്വ (ദൈവഭയം) ഉണ്ടായിരിക്കണം. അല്ലാഹുവിന്റെ ദൃഷടിയിൽ ഉത്തമസ്വാഭാവം അതാണ്. നമ്മുടെ ഭയം അർഹി ക്കുന്നത് അല്ലാഹു മാത്രമാകുന്നു. അവനെ മാത്രമേ നാം ഭയപ്പെടാവൂ.കാരണം അവൻ നമ്മുടെ ഹൃദയരഹസ്യങ്ങള് അറിയുന്നു.അതുപോലെ നാം ചെയ്യുന്ന എല്ലാ കാര്യങ്ങളെകുറിച്ചും നന്നായി അറിയുന്നവൻ അവൻ മാത്രം ആണ്. അതുകൊണ്ട് നമ്മുടെ ഹൃദയത്തിൽ കഴിയുന്നിടത്തോളം ഭയം ഉണ്ടാക്കി എടുക്കുവാൻ തീവ്രശ്രമം നടത്തേണ്ടതാണ്. നാം എവിടെ ആയിരുന്നാലും അല്ലാഹുവിനെ ഭയപ്പെടണം. നല്ല പ്രവർത്തി കൾ ചെയ്യണം. ജനങ്ങളോട് നല്ല നിലയിൽ വർത്തിക്കണം.അമുസ്ലിംകളും നിശ്ചയമായും മനസ്സിലാക്കേണ്ട കാര്യമാണ് അവരും അല്ലാഹുവിനെ മാത്രമേ ഭയപ്പെടാവൂ എന്ന് ശിക്ഷിക്കുന്നതിൽ അല്ലാഹു കാഠിന്യമുള്ള വനാണ്. അല്ലാഹു മുന്നറിയിപ്പ് നല്കുന്നു.

''വിശ്വസിച്ചവരെ പല ഇരട്ടികളായി വർദ്ധിപ്പിക്കുന്ന പലിശ മുതൽ നിങ്ങൾ തിന്നരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിനു വേണ്ടി അവിശ്വാസികൾക്കായി ഒരുക്കി വെയ്ക്കപ്പെട്ട അഗ്നിയെ നിങ്ങൾ സൂക്ഷിക്കുക''. (3:131:132)

## ധാർമ്മികരോഷം: Righteousness

നാം, അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ എന്ന നിലയിൽ ധർമ്മാനുസാരികളായിരിക്കണം. നാം ജനങ്ങളെ ധർമ്മത്തിലേക്കാണ് ക്ഷണിക്കുന്നത്. നാം ഓർക്കണം, സ്വർഗ്ഗത്തിലേക്കുള്ള താക്കോലുക ളിൽ ഒന്നാണ് ധാർമ്മികത. സത്യസന്ധമായ നിലയിൽ ദൈവഭയം പുലർത്തുന്നവരാണ് ധർമ്മിഷ്ഠർ. അവർ തങ്ങളുടെ സത്യപൂർണ്ണവും, ആത്മാർത്ഥവുമായ, അല്ലാഹുവിനോടുള്ള സ്നേഹവായ്പ് പ്രകടിപ്പിക്കുന്നു. അത് പ്രാർത്ഥനയിലൂടെ മാത്രമല്ല, ദൈവപ്രീതി പ്രതീക്ഷിച്ചു കൊണ്ട് ദൈവമാർഗ്ഗത്തിൽ ധനം ചെലവഴിച്ചു കൊണ്ടും, വാഗ്ദാനങ്ങൾ പാലിച്ചും അവർക്ക് നല്കുന്ന പരീക്ഷണങ്ങളിൽ ക്ഷമയോടെയും ഉറപ്പോടെയും നിലനിൽക്കുന്നവരുമായിരിക്കും. നമ്മുടെ ജീവിതത്തിലുടനീളം നമ്മുടെ എല്ലാ കാര്യങ്ങളിലും ധർമ്മിഷ്ടരായി തീരുവാൻ നമ്മൾ അല്ലാഹുവിനോട് കേണപേക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്.

## അല്ലാഹുവിന്റെ തൃപ്തിക്കായി പരസ്പരം സ്നേഹിക്കുക.

മറ്റൊരു മഹത്തായ ഗുണം നാം ആർജ്ജിക്കേണ്ടത് പരസ്പരം അല്ലാഹുവിന്റെ തൃപ്തിക്കായി സ്നേഹിക്കുക എന്നതാണ്. ഇത് നമ്മുടെ ഹൃദയത്തിൽ ഏറ്റവും നല്ല നിലയിൽ വളർത്തുകയും പരിപോഷി പ്പിക്കുകയും ചെയ്യേണ്ടതാണ്. വിശ്വാസത്തിന്റെ ഏറ്റവും മനോഹരമായ ഒരു അടയാളമാണിത്. അല്ലാഹു വിന്റെ ദൃഷ്ടിയിൽ ഏറ്റവും നല്ല ഒരു പ്രവർത്തിയായി ഇത് കണക്കാക്കപ്പെടുന്നതാണ്. അബൂ ദർറ്(റ) റിപ്പോർട്ടു ചെയ്യുന്നു. പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞു. ''പ്രവർത്തികളിൽ ഏറ്റവും ശ്രേഷ്ടമായത് അല്ലാഹുവിനു വേണ്ടി സ്നേഹിക്കുകയും, അല്ലാഹുവിനു വേണ്ടി വെറുക്കുകയും ചെയ്യുക എന്നതാണ്''.(അബൂദാവൂദ്)

## സാർവ്വദേശീയ സാഹോദര്യം പരിപോഷിപ്പിക്കുക:Fostering universal Brotherhood

മുസ്ലിംകൾ എന്ന നിലയിൽ ഒരു സമുദായമെന്ന നിലയിൽ പരസ്പരം സഹോദരന്മാരാണ്, സഹോദരിമാരാണ്, എന്ന ധാരണ പരിപോഷിപ്പിക്കുവാൻ വേണ്ടതെല്ലാം ചെയ്യേണ്ടതാണ്. സർവ്വശക്തനായ അല്ലാഹു പറയുന്നത് നാം ഓർക്കേണ്ടതുണ്ട് സത്യവിശ്വാസികൾ(പരസ്പരം) സഹോദ ങ്ങൾ തന്നെയാണ്, അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. നിങ്ങൾ കരുണ ചെയ്യപ്പെടുന്നതിനു വേണ്ടി (49:11) അല്ലാഹുവിന്റെ ദൂതൻ മുഹമ്മദ് മുസ്തഫാ(സ) തറപ്പിച്ചു പറയുന്നു. ഓരോ മുസ്ലിമും തന്റെ മറ്റൊരു മുസ്ലിമിന്റെ സഹോദരനാ ണ്.

സഹോദരബന്ധം നാം മുസ്ലിം സഹോദരങ്ങളുമായി ശക്തിപ്പെടുത്തുകയും, പരിപോഷിപ്പിക്കുകയും, ചെയ്യേണ്ടതാണ്. ഇത് വിശ്വാസത്തിന്റെ ഒരു അടയാളമാണ്. സാർവ്വദേശീയ ഉത്തരവാദിത്വം എന്ന നിലയിൽ ദഅ്വ വിജയപ്രദമായിത്തീരുവാൻ, മാനവരാശിയെ ആകമാനം ഇസ്ലാമിലേക്ക് ക്ഷണിക്കേണ് ടതുണ്ട്. നമുക്കതിന് ഏകഭാവനയും, സഹകരണവും, ഏകോപനവും, ബന്ധിപ്പിക്കുന്ന കണ്ണികളും, പരസ്പരണധാരണയും, ദഅ്വ സംഘടനയും, അതിലെ പ്രവർത്തകരും തമ്മിലുണ്ടായിരിക്കണം. ഇസ്ലാമിലെ സഹോദരീ സഹോദരന്മാർ എന്ന നിലയിൽ, നാം പരസ്പരം സഹായിക്കുകയും, സഹകരിക്കുകയും, പരസ്പരം മനസ്സിലാക്കേണ്ടതും, അനിവാര്യമാണ്. എങ്കിൽ മാത്രമേ ദഅ്വ പ്രവർത്തനം സുഗമമായും, കാര്യക്ഷമമായും, നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ദൈവമാർഗ്ഗത്തിലേക്കുള്ള ഈ ക്ഷണപ്രവർത്തിയിൽ അമുസ്ലിംകൾക്ക് ഇസ്ലാമിലെ സാഹോദര്യത്തിന്റെ ശ്രേഷ്ടത വിശദീകരിച്ചു കൊടുക്കേണ്ടിയിരിക്കുന്നു. ഇസ്ലാമിനെ ആശ്ലേഷിക്കുന്നതിലൂടെ ഈ മഹത്തായ സാഹോദര്യ ശൃംഖലയിലെ കണ്ണികളായി തീരുവാൻ സ്നേഹപൂർവ്വം അവരെ ക്ഷണിക്കേണ്ടതുണ്ട്. ഇസ്ലാമിലെ സാഹോദര്യം പോലെ മറ്റൊന്ന് എങ്ങും ദൃശ്യമല്ല.

## സാത്താനോട് വെറുപ്പ്

അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ആൾ എന്ന നിലയിൽ ശപിക്കപ്പെട്ട സാത്താനോട് നാം വെറുപ്പ് പ്രകടിപ്പിക്കേണ്ടതാണ്. സാത്താനും അവന്റെ സംഘത്തിനും എതിരെ നാമെപ്പോഴും, അല്ലാഹുവിന്റെ സംരക്ഷണം തേടേണ്ടതാണ്. ദഅ്വ ചെയ്യുമ്പോൾ മുസ്ലിംകളോടും അമുസ്ലിംകളോടും, സാത്താന്റെ കാലടിപാതകളെ അവഗണിക്കുവാൻ ഉപദേശിക്കേണ്ട്താണ്. അമുസ്ലിംകളോട് നാം ഊന്നിപറയേണ്ട ഒരു കാര്യം സാത്താനെ സംബന്ധിച്ച് ഇസ്ലാമിക അധ്യാപനം , അവൻ മനുഷ്യന്റെ പരസ്യപ്രഖ്യാപനം ചെയ്ത ശത്രുവാണ്. ദുഷിച്ചചിന്തകളും, പ്രവർത്തനങ്ങളും അകറ്റി നിർത്തുവാൻ അല്ലാഹു നമ്മെ ഉപദേശിക്കുന്നു. സാത്താൻ നിങ്ങളെ വഴിതെറ്റിക്കാതിരിക്കുവാൻ നിങ്ങൾ സദാ ജാഗ്രതയിലായിരിക്കണമെന്ന് അല്ലാഹു ഉപദേശിക്കുന്നു. കാരണം അവൻ വഴിതെറ്റിക്കുമെന്ന് പ്രതിജ്ഞ എടുത്ത മനുഷ്യശത്രുവാണ്.വിശുദ്ധ ഖുർ ആനിൽ അല്ലാഹു പറയുന്നു.

മനുഷ്യരെ, ഭൂമിയിലുള്ളതിൽ നിന്ന് നിയമാനുസൃതവും, ശുദ്ധവുമായത് നിങ്ങൾ ഭക്ഷിക്കുവിൻ. പിശാചിന്റെ ചവിട്ടടികളെ നിങ്ങൾ പിൻപറ്ററുത്. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു. ദുഷ്കൃത്യത്തിനും, നീച പ്രവർത്തനത്തിനും, നിങ്ങൾക്ക് വിവരമില്ലാത്ത കാര്യങ്ങൾ അല്ലാഹുവിന്റെ പേരിൽ ആരോപിക്കുന്നതിനും, മാത്രമാണ് അവൻ(പിശാച്) നിങ്ങളോട് കല്പ്പിക്കുക.(2:169–170)

## അസൂയയിൽ നിന്നും ശത്രുതയിൽ നിന്നും അകന്നുനില്ക്കുക.

ദൈവത്തിലേക്കു ക്ഷണിക്കുന്ന ആൾ എന്ന നിലയിൽ നാം വളർത്തിയെടുക്കേണ്ട മഹത്തായ മറ്റൊരു സവിശേഷഗുണം അസൂയയിൽ നിന്നും ശത്രുരയിൽ നിന്നും അകന്നു നില്ക്കുവാൻ ശ്രമിക്കുക എന്നതാണ്. ശത്രുത കഴിയുന്നിടത്തോളം ഒഴുവാക്കുക എന്നത് നമ്മെ സംബന്ധിച്ചിടത്തോളം അനുപേക്ഷണീയമായ കാര്യമാണ്. ശത്രുത നമ്മുടെ വിശ്വാസത്തെയും, നല്ല പ്രവർത്തനങ്ങളെയും അർത്ഥശൂന്യമാക്കുന്നു. അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ആൾ എന്ന നിലയിൽ പിശാചിന്റെ സ്വാധീനത്തിന്നെതിരിൽ അല്ലാഹുവിന്റെ സംരക്ഷണം തേടേണ്ടതാണ്.സാത്താൻ ഉപദ്രവകാരിയും,ശത്രുത സൃഷ്ടിക്കുന്നവനുമാണ്. ശത്രുതയിൽ നിന്നും നാം സ്വയം മുക്തരായാൽ, അതിശ്രേഷ്ഠമായ ധാർമ്മിക വ്യക്തിത്വം വളർത്തി എടുക്കുവാൻ നമുക്ക് കഴിയുന്നതാകുന്നു. സാത്താന്റെ സൃഷ്ടികളായ ചതി, അധർമ്മം, അസംതൃപ്തി തുടങ്ങി മനസ്സിനു പ്രയാസമുണ്ടാക്കുന്ന എല്ലാ കാര്യങ്ങളിൽ നിന്നും നാം സ്വയം ശുദ്ധീകരിക്കേണ്ടിയിരിക്കുന്നു.

ഇന്ന് ഞാൻ ഇതോടെ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ദഅ്വ എന്ന വിഷയം വളരെ വലുതും ബ്രഹത്തായതുമാണ്. മാസങ്ങളും വർഷങ്ങളും ഇതേവിഷയം തന്നെ തുടരുവാൻ കഴിയത്തക്കവിധം ഗഹനമാണീ വിഷയം. ഞാൻ എന്റെ രക്ഷിതാവിനോട് പ്രാർത്ഥിക്കുന്നു. എനിക്കവൻ വീണ്ടും അവസരം നല്കിയാൽ അടുത്ത വെള്ളിയാഴ്ചയും ഇതു തുടരും വിശദീകരിക്കും. കാരണം ഓരോ മുസ്ലിംമിനെയും ദഅ്വ ചെയ്യുവാൻ ഈ ഉപദേശം സഹായിക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്യും.(ഇൻഷാ അല്ലാ) ആമീൻ.

*Translated by: R. Jamaluddin Raother, Amir Jamaat Ul Sahih Al Islam, Kerala*
*(Reg. No. A693/2010) Phone: 9447001832 / 0475 2252530*
*E-mail: jamal.raother@gmail.com ~ Website: www.jamaat-ul-sahih-al-islam.com*